LIBRARY ARCHIVES Kerala Legislative Assembly

**വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കോഴ്സുകൾ അംഗീകരിക്കാൻ നടപടി**

129 [3655] *ശ്രീ. സി. കെ. നാണു:*

,, *എ. സി. ഷൺമുഖദാസ്:*

,, *കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളാണ് ഉള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഗവൺമെന്റ്, എയ്ഡഡ് സ്ഥാപനങ്ങൾ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കാമോ;

(ഡി) സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിന് പ്രസ്തുത കോഴ്സുകൾ പലതും ഇതുവരെ അംഗീകരിക്കപ്പെടാത്തതുകൊണ്ട് വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾക്ക് ജോലിക്ക് അപേക്ഷിക്കാൻ കഴിയാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

*ഉത്തരം*

(എ) സംസ്ഥാനത്ത് ഗവൺമെന്റ്, എയ്ഡഡ് മേഖലകളിൽ ഇപ്പോൾ 375 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ട്.

(ബി) ഇതിൽ ഗവൺമെന്റ് മേഖലയിൽ 247-ഉം, എയ്ഡഡ് മേഖലയിൽ 128-ഉം വീതം സ്കൂളുകളാണുള്ളത്.

(സി) ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയുന്നു.

| *ജില്ല* | *ഗവൺമെന്റ് വി. എച്ച്. എസ്. സ്കൂളുകൾ* | *എയ്ഡഡ് വി. എച്ച്. എസ്. സ്കൂളുകൾ* |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 30 | 11 |
| കൊല്ലം | 20 | 32 |
| ആലപ്പുഴ | 14 | 7 |
| പത്തനംതിട്ട | 10 | 17 |